# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 8/967/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 8/967/2022 തീയ്യതി: 30/05/2022

## കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-12-2021 മുതൽ 17-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പ്യാരിലാൽ ടി.സി | ജോയിന്റ് ഡയറക്ടർ | 18-05-2022 | 21-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-05-2022 | 21-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഹരി കെ.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശോഭ.കെ.എം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.പി.ബാബുരാജ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.മനോജ്കുമാർ.എ.ടി. | സെക്രട്ടറി | 01-04-2020 | 11-11-2020 |
| ശ്രീമതി.കെ.ഫത്തീല | സെക്രട്ടറി | 12-11-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.അനി.പി.ടി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ശ്രീ.ദിലീപ് കുമാർ.കെ.പി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അനിത കുമാരി.പി.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾസലീം .എം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. മുരളീധരൻ .ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു. പി. | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അനിത.പി.പി | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ജീജ.കെ.എം. | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ശ്യംചന്ദ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 09-06-2020 |
| ശ്രീമതി. ജ്യോന.ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 10-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jisha.P (Auditor, On 21-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 21-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 21-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jisha.P (Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-5 |
| 6 | വാടക ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-6 |
| 7 | പാറക്കുളങ്ങര വാകമോളി റോഡ് ടാറിംഗ് -കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിൽ നഷ്ടം -<br>Written By: T.K.Latha (Senior Grade Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-7 |
| 8 | കുടിവെള്ള പദ്ധതികൾ - സമഗ്രമല്ല<br>Written By: T.K.Latha (Senior Grade Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-8 |
| 9 | നിയമാനുസൃതമല്ലാത്ത ഇളവ് അനുവദിച്ചു. പിഴ ഈടാക്കിയതിലും കുറവ്<br>Written By: T.K.Latha (Senior Grade Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-9 |
| 10 | ഈ - ടെണ്ടർ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല.<br>Written By: T.K.Latha (Senior Grade Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-10 |
| 11 | വിനിയോഗവിവരവും, ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.<br>Written By: T.K.Latha (Senior Grade Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-11 |
| 12 | പൊതു കുളം നവീകരണം പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല<br>Written By: Shyna A.K (Asst. Audit Officer, On 21-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-12 |
| 13 | സൂപ്പർ എം.ആർ.എഫ് കെട്ടിടം -പ്രവർത്തന സജ്ജമാക്കിയിട്ടില്ല- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 21-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-13 |
| 14 | മത്സ്യ സംരക്ഷണ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 21-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-14 |
| 15 | കർഷകഗ്രൂപ്പുകൾക്ക് കാട്ടുവെട്ടുയന്ത്രങ്ങൾ നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: RAMDAS M. (Asst. Audit Officer, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിശ്ചിത ഏരിയയാണ് നിർമ്മിച്ചതെന്ന് ഉറപ്പുവരുത്തിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-16 |
| 17 | നാളികേരസമൃദ്ധി-തെങ്ങിൻതൈ ഉത്പാദനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-17 |
| 18 | ഹിൽബസാർ-വലിയമല പാച്ചാക്കൽ റോഡ് കനാൽപാലം ഡെപ്പോസിറ്റ് വർക്ക്, പ്രവൃത്തി പൂർത്തിയായിലൽ<br>Written By: Hari. K.P (Audit Officer (HG), On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 1-18 |
| | **ഭാഗം 2** | |
| 1 | വാടക ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 2-1 |
| | **ഭാഗം 3** | |
| 1 | നാളികേരസമൃദ്ധി-തെങ്ങിൻതൈ ഉത്പാദനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 3-1 |
| 2 | പാറക്കളങ്ങര വാകമോളി റോഡ് ടാറിംഗ് -കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിൽ നഷ്ടം -<br>Written By: T.K.Latha (Senior Grade Auditor, On 22-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 3-2 |
| 3 | നിയമാനുസൃതമല്ലാത്ത ഇളവ് അനുവദിച്ചു. പിഴ ഈടാക്കിയതിലും കുറവ്<br>Written By: Hari. K.P (Audit Officer (HG), On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 20-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 20-05-2022)<br>Last Updated By: Jisha.P (Auditor, On 20-05-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Jisha.P (Auditor, On 20-05-2022)<br>Last Updated By: Jisha.P (Auditor, On 20-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jisha.P (Auditor, On 20-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: Jisha.P (Auditor, On 20-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 20-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 20-05-2022)<br>Last Updated By: Jisha.P (Auditor, On 20-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 23-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Jisha.P (Auditor, On 20-05-2022)<br>Last Updated By: Pyarilal.T.C (Joint Director, On 27-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

പന്തലായനി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.3.20 തിയ്യതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2020-21 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 17.02.2021 ലെ ഭരണസമിതി തീരുമാന നമ്പർ 1 പ്രകാരവും അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 7334323 |
| വരവ് | 56681000 |
| ചെലവ് | 58006593 |
| നീക്കിയിരിപ്പ് | 6008730 |

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1). ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തൻവർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

(2). സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.
2020-21 വർഷത്തേയ്ക്കുള്ള ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പ്രൊപ്പോസൽ ആവശ്യപ്പെട്ടെങ്കിലും ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ മാത്രമാണ് ആയത് ലഭ്യമാക്കിയത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രപ്പോസലുകളൊന്നും ബജറ്റ് ഫയലിൽ ലഭ്യമല്ല.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

### 1-2 വാർഷിക കണക്കിലെ അപാകതകൾ

1. SBI TSC & Misc..(അക്കൌണ്ട് നമ്പർ 10632418266) ൽ രജിസ്റ്റർ പ്രകാരം 217472 രൂപ അവശേഷിക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B-17 പ്രകാരം 216010 മാത്രമേ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളൂ.

SBI TSC Nirmal Puraskar (അക്കൌണ്ട് നമ്പർ 67107343532) ൽ രജിസ്റ്റർ പ്രകാരം 1211500 രൂപ

അവശേഷിക്കുന്നുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B-17 പ്രകാരം 1203489 മാത്രമേ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളൂ.

എല്ലാ മാസത്തെയും റീകൺസീലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. 2020-21 വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയെങ്കിലും അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റ് B 18 ൽ Advance To Implementing Agencies ഹെഡിൽ തുക ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2020-21 വർഷം രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

4. വാടക രജിസ്റ്റർ പ്രകാരമുള്ള തുകയും എ.എഫ്.എസ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പലിശ ഇനത്തിൽ ബാങ്കിൽ വരവ് വന്നിട്ടുള്ള തുക അക്കൗണ്ടിൽ ഉൾപ്പെടുത്താൻ വിട്ടുപോയതിനാലാണ് വ്യത്യാസത്തിന്റെ കാരണമെന്ന് വിശദീകരിച്ചു. 31.3.2021 ന് മുൻപ് ഇത്തരത്തിൽ പലിശ ഇനത്തിലെ വരവ് ബാങ്ക് ഉൾപ്പെടുത്തിയെങ്കിലും സ്ഥാപനത്തിലെ അക്കൗണ്ടിൽ പ്രതിഫലിക്കാതിരുന്നത് ശരിയല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കണം. അഡ്വാൻസ് /ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നതാണ് എന്ന വാക്കാൽ സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9607342 |
| വരവ് | 46171416 |
| ആകെ | 55778758 |
| ചെലവ് | 53210747 |
| നീക്കിയിരിപ്പ് | 2568011 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 22402780 | 22402780 | 19776596 | 2626184 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 10547609 | 10547609 | 10352750 | 194859 |
| മെയിന്റനൻസ്, നോൺ- | 0 | 3909059 | 3909059 | 3720918 | 188141 |

| | | | | | |
|---|---|---|---|---|---|
| റോഡ്(ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 4200000 | 4200000 | 3224329 | 975671 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 4200000 | 4200000 | 1272632 | 2927368 |

1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 111 | 71625505 | 82 | 40507043 | 29 |

ഡി.പി.സി. അഗീകാരം ലഭിച്ച 111 പ്രോജക്ടുകളിൽ 82 എണ്ണം ഓഡിറ്റു വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 71625505/- രൂപ വകയിരുത്തിയതിൽ 40507043/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 553967/- രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി. അംഗീകാരം ലഭിച്ച 42 മരാമത്തു പ്രോജക്ടുകളിൽ 29 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 24301139/- രൂപ വകയിരുത്തിയതിൽ 12190208/- രൂപയാണ് 2020-21 വർഷത്തിൽ ചെലവഴിച്ചത്. അതായത് 50 ശതമാനം തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

വാർഷിക പദ്ധതി ചെലവ് കുറഞ്ഞു-സർക്കാർ ഗ്രാന്റിനത്തിൽ 69 ലക്ഷം രൂപ നഷ്ടപ്പെട്ടു

111 പ്രൊജക്ടുകൾക്കായുള്ള 7.16 കോടി രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 4.05 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. എല്ലാ സർക്കാർ ഗ്രാന്റിനങ്ങളിലും ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | ചെലവ് | നഷ്ടപ്പെട്ട തുക |
|---|---|---|---|
| പ്ലാൻ ജനറൽ | 22402780 | 19776596 | 2626184 |
| എസ്.സി.പി | 10547609 | 10352750 | 194859 |
| മെയിന്റനൻസ് റോഡിതരം | 3909059 | 3720918 | 188141 |

| | | | |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 4200000 | 3224329 | 975671 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 4200000 | 1272632 | 2927368 |
| ആകെ | | | 6912223 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി 69 ലക്ഷം രൂപ സ്ഥാപനത്തിന് നഷ്ടമായതായി മേൽ കണക്കുകൾ കാണിക്കുന്നു.

1-6 വാടക ഈടാക്കുന്നതിലെ അപാകതകൾ

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കൊയിലാണ്ടി നഗരസഭ മാർക്കറ്റിന് സമീപത്തായി നിർമ്മിച്ചിട്ടുള്ളതുമായ വനിതാ വ്യവസായ വിപണന കേന്ദ്രത്തിൽ 10 മുറികൾ ആണ് 2020-21 വർഷം വാടകക്ക് നൽകിയിട്ടുള്ളത്.

2020-21 വർഷത്തിൽ വാടക ഇനത്തിൽ 99600/- രൂപയും അരിയർ ഇനത്തിൽ 3850 രൂപയുമാണ് ഡിമാന്റ്. എന്നാൽ 2019-20 ലെ അരിയർ തുക ഓഡിറ്റ് തിയ്യതി വരെയും ഈടാക്കിയിട്ടില്ല. മുൻവർഷത്തെ കുടിശ്ശിക ഈടാക്കാതെ തൻവർഷത്തെ തുക ഈടാക്കിയതായി കാണുന്നു. മാത്രമല്ല നിലവിൽ 2020-21 ലെ വാടക കുടിശ്ശികയും ഈടാക്കാനുണ്ട്. തുക അടവാക്കാൻ അവശേഷിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അടവാക്കാനുള്ള തുക | | അടവാക്കാനുള്ള തുക |
|---|---|---|---|---|
| | | 2019-20 | 2020-21 | |
| 1 | നവീന കുടുംബശ്രീ | - | 770 | 770 |
| 2 | കലിക്കറ്റ് ലേഡീസ് ടൈലറിങ്ങ് | 3080 | | 3080 |
| 3 | സൗഹൃദം കുടുംബശ്രീ | 770 | | 770 |
| 4 | രാജീവം കുടുംബശ്രീ | | 7700 | 7700 |
| | ആകെ | 3850 | 8470 | 12320 |

2019-20 ലെ അരിയർ തുകയും 2020-21 ലെ വാടക ഇനത്തിലെ മുഴുവൻ തുകയും ഈടാക്കാത്തതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിൽ ഈടാക്കാനുള്ള 12320/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

1-7 പാറക്കുളങ്ങര വാകമോളി റോഡ് ടാറിംഗ് -കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിൽ നഷ്ടം -

2018-19 ലെ S0090/19 പ്രോജക്ട് പ്രകാരം പാറക്കുളങ്ങര വാകമോളി അരിക്കുളം മൺ റോഡ് 0/260-0/425 മീറ്റർ MORD 2016 കോസ്റ്റ് ഇൻഡക്സ് 37.25% പ്രകാരം ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആദ്യടെണ്ടറിൽ (27/02/2019) ൽ ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ റീടെണ്ടർ (20/03/20) പ്രകാരം ടെണ്ടർ സമർപ്പിച്ച (1.01% Below) ശ്രീ സുരേഷ് എൻ .പി, കുട്ടമ്പത്ത് താഴെ ഊരള്ളൂരിന് ടെണ്ടർ അനുവദിച്ചു. എന്നാൽ പ്രവൃത്തിക്കായി ടിയാൻ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടത് 20/06/2019 ന് ആണ്. പ്രസ്തുത തീയതിയിൽ ബാധകമായ MORD 2019 കോസ്റ്റ് ഇൻഡക്സ് 31.06% ആണ്. ആയതിനാൽ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0077/21 (S0090/19) |
| അടങ്കൽ & ഫണ്ട് | ₹492046/- (വികസനഫണ്ട്.ജനറൽ) |
| ചെലവ് | ₹ 492046ട്രഷറി ബിൽ നമ്പർ-06/20-21/17.04.20 |
| കരാർ നമ്പർ & തീയതി | 01/AE/Pbp/2019-20/20.06.2019 |
| കരാറുകാരൻ | എൻ .പി സുരേഷ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| അളവ് പുസ്തക നമ്പർ | 8/2020 |
| പൂർത്തിയാക്കേണ്ടിയിരുന്ന കാലയളവ്/തീയതി | 6 മാസം/19/12/2019 (ടി.എസ്.പ്രകാരം) |
| സൈറ്റ് കൈമാറിയ തീയതി | 20/06/2019 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 31/01/2020/MB8/2020/page12<br>കാലതാമസത്തിന് 4920/-രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 37.25% Cost Index പ്രകാരമാണ്. എന്നാൽ പ്രവൃത്തി തുടങ്ങിയ 20/06/2019ന് ബാധകമായ Cost Index 31.06% മാത്രമാണ്. (37.25%- 31.06%=6.19%) അധികം നൽകിയ കോസ്റ്റ് ഇൻഡക്സ് 6.19 % പ്രകാരം കരാറുകാരന് 492046x6.19%=30458 /- രൂപ അധികം നൽകിയിട്ടുണ്ട് . മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 07/2020-21/ 21/05/22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-8 കുടിവെള്ള പദ്ധതികൾ - സമഗ്രമല്ല

അസി.എഞ്ചിനീയർ തൻവർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെയ്ത പ്രവൃത്തി/റിമാർക്സ് |
|---|---|---|---|---|---|
| 1 | 98/21 (സ്പിൽ ഓവർ) | അയ്യപ്പൻ കാവ് കുടിവെള്ള പദ്ധതി - അത്തോളി ഗ്രാമപഞ്ചായത്ത് | 187569 | 80801 | കിണർ നിർമ്മാണം - മറ്റ് പ്രവൃത്തികൾ നടത്തിയിട്ടില്ല. ആവശ്യക്കാരായ ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല. പദ്ധതി സമഗ്രമല്ല. |
| 2 | 104/21 -സ്പിൽ | ചമ്മിൽ മീത്തൽ കുടിവെള്ള പദ്ധതി | 74754 | 74754 | നിലവിലുള്ള കിണറിന്റെ അറ്റകുറ്റപ്പണി,കേടുവന്ന |

| | | | | | |
|---|---|---|---|---|---|
| | ഓവർ | - അത്തോളി ഗ്രാമപഞ്ചായത്ത് | | | പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, പമ്പ് ഹൗസിന്റെ അറ്റകുറ്റപ്പണി |
| 4 | 109/21 -സ്പിൽ ഓവര് | വഴുതിന കുടിവെള്ള പദ്ധതി - ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | 17,00,000 | 6,99,999 | ടാങ്ക് നിർമ്മാണം, പൈപ്പ് ലൈൻ, പദ്ധതി പൂർത്തീകരിച്ചിട്ടില്ല. |
| 5 | 115/21 -സ്പിൽ ഓവര് | അയ്യപ്പൻ കുഴി കുടിവെള്ള പദ്ധതി (സംയുക്തം) | 12,00,000 | 178057 | സംയുക്ത പദ്ധതി - അത്തോളി ഗ്രാമപഞ്ചായത്തിന് ഫണ്ട് കൈമാറി. വിനിയോഗ വിവരം, പദ്ധതി പൂർത്തീകരണം വിവരം എന്നിവ ലഭ്യമല്ല |
| 6 | 135/21 | മണ്ടപ്പിലാക്കൽ കുടിവെള്ള പദ്ധതി | 10,00,000 | 53,77,26 | കിണറും, ടാങ്കം നിർമ്മാണം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല. |
| 7 | 122/21 | തൈക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതി അരിക്കുളം | 5,00,000 | 243085 | ഡെപ്പോസിറ്റ് പ്രവൃത്തി -വിനിയോഗ വിവരം, പദ്ധതി പൂർത്തികരണ വിവരം എന്നിവ ലഭ്യമല്ല. |

പദ്ധതികൾ ഏറ്റെടുത്തതിലും നടപ്പാക്കിയതിലും താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1. സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ, പി.വി.സി വാട്ടർ ടാങ്ക് വാങ്ങി വിതരണം, മഴവെള്ള സംഭരണി എന്നീ പദ്ധതികൾ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമായ നിർദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്തിന് കുടിവെള്ളപദ്ധതികൾ ഏറ്റെടുക്കാമെന്നുണ്ടെങ്കിലും അറ്റകുറ്റപ്പണികൾ പാടില്ലയെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്.
2. കേരളപഞ്ചായത്ത് രാജ് ആക്റ്റ്, 1994 വകുപ്പ് 172(1), നാലാംപട്ടിക പ്രകാരവും ബ്ലോക്ക് പഞ്ചായത്തിന് കുടിവെള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നില്ല.
3. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത കുടിവെള്ള പദ്ധതികളൊന്നും തന്നെ പുതിയ കുടിവെള്ളപദ്ധതികൾ അല്ല. മുൻപുള്ള കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണം ആണ്. ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പദ്ധതികളൊന്നും ഏറ്റെടുത്തതിൽ ഉൾപ്പെടുന്നില്ല.
4. സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ14.02.18 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ചശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണികളുടെ ചുമതലയും ഗുണഭോക്തൃഗ്രൂപ്പിനെ ഏൽപ്പിച്ച കൊടുക്കേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികൾ പാലിച്ചതായി കാണുന്നില്ല.
5. കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ പ്രൊജക്ടുകളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങളോ, നിലവിൽ പദ്ധതിയുടെ അവസ്ഥ സംബന്ധിച്ച വിവരങ്ങളോ, ഏതു വർഷം സ്ഥാപിച്ച പദ്ധതിയാണെന്ന വിവരങ്ങളോ, എത്രമാത്രം പണികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നുള്ള വിവരങ്ങളോ ഫയലിൽ ഇല്ല. അതുകൊണ്ടുതന്നെ ഈ പ്രവൃത്തികൾ

യഥാർത്ഥത്തിൽ ആവശ്യമുള്ളതാണെന്നോ, പൂർത്തീകരിച്ചോയെന്നോ വ്യക്തമല്ല. മോണിട്ടറിംഗ് റിപ്പോർട്ട് ,ഫോട്ടോ എന്നിവ ഫയലിൽ ഇല്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/2020-21/21/05/22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണ പ്രൊജക്ടുകളുടെ ഫയലുകളിൽ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ,നിലവിൽ പദ്ധതിയുടെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിൽ സെക്രട്ടറിയും, ഭരണസമിതിയും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 നിയമാനുസൃതമല്ലാത്ത ഇളവ് അനുവദിച്ചു. പിഴ ഈടാക്കിയതിലും കുറവ്

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ കൊടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാർ ലഭിച്ച അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിൽ കുറവുണ്ടായതായി കാണുന്നു. . കൂടാതെ നിയമാനുസൃതമല്ലാത്ത ഇളവും അനുവദിച്ചിട്ടുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്നമ്പർ /പ്രോജക്റ്റ് | കരാർ തുക / തൻവർഷം ബിൽ നം.തീയതി | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി. | ടി.എസ്.പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതിഎം. ബുക്ക് പ്രകാരം |
|---|---|---|---|---|---|
| 1 | S0098/21 Spillover അയ്യപ്പൻ കാവ് കുടിവെള്ള പദ്ധതി | 493274.85/- 27/2020-21/ 29/03/21 - 80801/-രൂപ | 04/2028-19 /24.09.18 | 6 മാസം /24.09.2018 | 22/03/2021 |
| 2 | S0104/21 ചമ്മൽ മീത്തൽ കുടിവെള്ളപദ്ധതി | 774519.92/- 04/2020-21 /17/04/20 74754/- | 06/2028-19 /24.09.18 | 6 മാസം /24.09.2018 | 18/12/2019 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ

ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളിൽ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ അസി.എഞ്ചിനീയർ മുഖേന അപേക്ഷിക്കുകയും ഫൈൻ ഇല്ലാതെ 22/09/2019 വരെ കാലയളവ് ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് ദീർഘിപ്പിച്ച് നൽകിയ കാലാവധിക്ക് ശേഷമാണ്. പിഴ ഈടാക്കേണ്ടത് PAC അടിസ്ഥാനമാക്കിയാണ്. എന്നാൽ പ്രവൃത്തിമൂല്യത്തിനാണ് പിഴ ഈടാക്കിയിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ ചുവടെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| പ്രോജക്ട് | കരാറുകാരൻ | കരാർ തുക/PAC | പ്രവൃത്തിമൂല്യം/എം ബുക്ക് -പേജ് നം. | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ/ബിൽ നം | വ്യത്യാസം |
|---|---|---|---|---|---|---|
| അയ്യപ്പൻ കാവ് കുടിവെള്ള പദ്ധതി | അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 493274.85 | 393232/ | 14798 | 11797 | 3001 |
| ചമ്മൽ മീത്തൽ കുടിവെള്ളപദ്ധതി | അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 774519.92 | 732697/ | 23235 | 7745 | 15490 |
| | | | | | | 18491/- |

നിയമാനുസൃതമല്ലാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിനും, കരാർ തുക അടിസ്ഥാനപ്പെടുത്തിയല്ലാതെ പിഴ കണക്കാക്കി ഈടാക്കിയത് മൂലം നഷ്ടം സംഭവിച്ചതിനും കാരണം വ്യക്തമാക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/2020-21/21/05/22) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമല്ലാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിനും, PAC അടിസ്ഥാനമാക്കി പിഴ ഈടാക്കാത്തതിനാൽ നഷ്ടം വന്ന 18491/- രൂപ പിഴ ഈടാക്കി സർക്കാരിലേക്ക് അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ഉപകാര പ്രദമാക്കേണ്ടതാണ്.

1-10 ഇ - ടെണ്ടർ തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

മരാമത്ത് പ്രവൃത്തികളുടെ കരാറുകാരെ കണ്ടെത്തുന്നതിന് ഇ ടെണ്ടർ സംവിധാനം സ്ഥാപനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ കൊയിലാണ്ടിയിൽ 37117782607 നമ്പർ അക്കൗണ്ട് ആരംഭിക്കുകയും നിലവിൽ

ട്രാൻസാക്ഷൻ നടത്തിവരികയും ചെയ്യുന്നുണ്ട്. എന്നാൽ 16/11/2021 മുതൽ 02/05/2022 വരെ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച 69710/-രൂപ പ്രസ്തുത അക്കൗണ്ടിൽ നിക്കീയിരിപ്പുള്ളതായി കാണുന്നു. പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. 69710/-രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ അടവാക്കി രേഖകൾ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/2020-21/21/05/22) മറുപടി ലഭ്യമാക്കിയിട്ടില്ല. 69710/-രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ അടവാക്കി രേഖകൾ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 വിനിയോഗവിവരവും, ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ പ്രകാരം തൻവർഷം 4,21,142/-/-രൂപ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയലിൽ പദ്ധതി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ, ഭൗതിക നേട്ട റിപ്പോർട്ട്, വിനിയോഗവിവരം എന്നിവ ലഭ്യമല്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | ബിൽ നമ്പർ/ തീയതി ചെലവഴിച്ച തുക/ഫണ്ടിനം |
|---|---|---|
| 1. | തൈക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതി | 1.289/26.03.2021 - 87541(വി. ഫണ്ട്. ജനറൽ )<br>2.1.290/26.03.2021 - 155544 (വി.ഫണ്ട്. ജനറൽ)<br>അരിക്കുളം ഗ്രാമപഞ്ചായത്ത് |
| 2 | അയ്യപ്പൻ കുഴി കുടിവെള്ള പദ്ധതി (സംയുക്തം) | 1.266/26/03/2021 - 178057 വി.ഫണ്ട്. ജനറൽ)<br>അത്തോളി ഗ്രാമപഞ്ചായത്ത് |
| | ആകെ | 4,21,142/- |

മേൽ പദ്ധതി പദ്ധതികളുടെ വിനിയോഗവിവരവും, ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (14/2020-21/ 21/05/22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികളുടെ വിനിയോഗവിവരവും, ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കാത്തതിനാൽ 4,21,142/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതികളുടെ വിനിയോഗവിവരവും, ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-12 പൊതു കുളം നവീകരണം പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് - 116/2020-21

ഈ പദ്ധതിയിൽ പൊതുകുളം നവീകരിക്കുന്നതിനായി താഴെ കാണിച്ച പ്രകാരം 200000 രൂപ ചേമഞ്ചേരി അത്തോളി എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് കുളങ്ങൾ നവീകരിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

| ഗ്രാമ പഞ്ചായത്ത് | ബിൽ നമ്പർ തിയ്യതി | തുക |
|---|---|---|
| അത്തോളി | 667699/19.8.20 | 128654 |
| ചേമഞ്ചേരി | 46726/6.2.21 | 71346 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമായിട്ടില്ല
2. കേരള പഞ്ചായത്ത് രാജ് നിയമം 172 പട്ടിക 4 പ്രകാരം പൊതുമരാമത്ത് മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിലുള്ള പ്രവർത്തിയല്ല പൊതു കുളങ്ങളുടെ സംരക്ഷണം. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12 /2020-21 21.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

1-13 സൂപ്പർ എം.ആർ.എഫ് കെട്ടിടം -പ്രവർത്തന സജ്ജമാക്കിയിട്ടില്ല- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് ഷ്രെഡിങ്ങ് പ്രക്രിയ നടത്തുന്ന സൗകര്യം ഒരുക്കുന്നതിനായി എം.ആർ.എഫ് സ്ഥാപിക്കാൻ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ മൂടാടി ഗ്രാമ പഞ്ചായത്തിൽ ഭാഗികമായി പ്രവൃത്തി പൂർത്തിയാക്കിയ കെട്ടിടം പുതുക്കി പണിതാണ് എം.ആർ .എഫ് കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയത്. 2018-19, 2019-20 വർഷങ്ങളിലായി 43/19,76/20 എന്നീ പ്രൊജക്ടുകൾ വഴി 856803 രൂപ ചെലഴിച്ചാണ് കെട്ടട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടത്തിൽ എം.ആർ.എഫ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഓഡിറ്റ് വർഷത്തിൽ താഴെകാണിച്ച പ്രകാരം രണ്ട് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവ രണ്ടും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | റിമാർക്ക്സ് |
|---|---|---|---|
| 125/21 സൂപ്പർ എം ആർ എഫ് കേന്ദ്രത്തിൽ മെഷീൻ സ്ഥാപിക്കൽ | ഇൻഡസ്ട്രിയൽ എക്സ്റ്റൻ ഓഫീസർ | 1000000 | പദ്ധതി നടപ്പിലാക്കിയില്ല |
| 134/21 സൂപ്പർ എം ആർ എഫ് കേന്ദ്രം വൈദ്യുതീകരണം | സെക്രട്ടറി | 180000 | പദ്ധതി നടപ്പിലാക്കിയില്ല |

സമഗ്രമായ പദ്ധതി തയ്യാറാക്കി പദ്ധതി ലക്ഷ്യം പ്രാപ്തിയിലെത്തിക്കാത്തതിനും പദ്ധതി പൂർത്തീകരണത്തിനായി തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11 /20-21 21.5.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . എം. ആർ . എഫ് പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-14 മത്സ്യ സംരക്ഷണ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തൻ വർഷം 2076250 രൂപ വകയിരുത്തി 4 പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും കഴിഞ്ഞ വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയുടെ പൂർത്തീകരണത്തിനായി 76250 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ,ജി.ഒ.(പി) 14/2020/ആ.സാ.വ തിയ്യതി, 18.05.20 നമ്പർ ഉത്തരവ് മാർഗ്ഗ രേഖ പ്രകാരമുള്ള സുഭിക്ഷ കേരളം പദ്ധതിയിലുള്ള സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 172 പട്ടിക 4 പ്രകാരമുള്ള ചുമതലാ നിർവ്വഹണത്തിനായി പരമ്പരാഗത കടവുകളുടെ വികസനത്തിന് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. കൂടാതെ തീര മേഖലയിലെയും ഉൾനാടൻ മത്സ്യ ബന്ധന മേഖലയിലെയും മത്സ്യതൊഴിലാളികൾ കൂടുതൽ ഉള്ള ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മത്സ്യ സംരക്ഷണ മേഖലയിൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/20-21 21.05.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതും പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-15 കർഷകഗ്രൂപ്പുകൾക്ക് കാട്ടുവെട്ടുയന്ത്രങ്ങൾ നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | കർഷകഗ്രൂപ്പുകൾക്ക് കാട്ടുവെട്ടുയന്ത്രങ്ങൾ നൽകൽ 92/21 |
| വകയിരുത്തിയ തുക | 282150/-വികസനഫണ്ട് -പൊതു.<br>31350/-ഗുണഭോക്തൃവിഹിതം |
| ചെലവഴിച്ച തുക,ബിൽ നം.തിയ്യതി | 282150/- (1/20.04.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

കാർഷികമേഖലയുടെ വികസനത്തിനായി 11കർഷകഗ്രൂപ്പുകൾക്ക് 90%സബ്സിഡിയോടുകൂടി കാട്ടുവെട്ട് യന്ത്രങ്ങൾ നൽകുന്നതിനുള്ള പദ്ധതിയാണിത്. ആയതു പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 28500/-രൂപ വിലയുള്ള 11 കാട്ടുവെട്ട് യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രോജക്ടിനായി തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരങ്ങളോ കാട്ടുവെട്ട് യന്ത്രങ്ങൾ വിതരണം ചെയ്തതിന്റെ വിവരങ്ങളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും അടവാക്കിയതിന്റെയും വിശദാംശം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. തദ്ദേശസ്ഥാപന തലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം സാധനങ്ങൾ വാങ്ങേണ്ടത്. എന്നാൽ ബ്ളോക്ക് പരിധിയിൽ കാട്ടുവെട്ടു യന്ത്രത്തിന്റെ അപര്യാപ്തത കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടില്ല.
4. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതുകാർഷികാവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ 20%കുറഞ്ഞ വാടകനിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്നുമുള്ള വ്യവസ്ഥയോടെ കരാർ ചമച്ചിട്ടില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 4/21.05.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യകത ഉറപ്പുവരുത്താതെയും നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് യന്ത്രങ്ങൾ വാങ്ങി നൽകിയിട്ടുള്ളത്. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ചെലവുതുക 282150/-രൂപ തടസ്സത്തിൽവെക്കുന്നു.

1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിശ്ചിത ഏരിയയാണ് നിർമ്മിച്ചതെന്ന് ഉറപ്പുവരുത്തിയില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി 89/21 |
| വകയിരുത്തിയ തുക | 1650000/-SCP |
| ചെലവഴിച്ച തുക | 1575000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതിവികസനഓഫീസർ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൌകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോടൊപ്പം 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപവരെ ധനസഹായം നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ആനുകൂല്യം നൽകിയ പത്ത് ഗുണഭോക്താക്കളും നിർമ്മിച്ച പഠനമുറിയുടെ വിസ്തീർണ്ണം 120 ചതുരശ്ര അടിയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ, ഗ്രാമ പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ പെർമിറ്റ് ഉൾപ്പെടെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/20.05.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-17 നാളികേരസമൃദ്ധി-തെങ്ങിൻതൈ ഉത്പാദനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | നാളികേരസമൃദ്ധി-തെങ്ങിൻതൈ ഉത്പാദനം 121/21 |
| വകയിരുത്തിയ തുക | 200000/-വികസനഫണ്ട് -പൊതു.<br>22222/-ഗുണഭോക്തൃവിഹിതം |
| ചെലവഴിച്ച തുക,ബിൽ നം.തിയ്യതി | 200000/- (2/31.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകളുടെ ഉൽപാദനത്തിനായി ഗുണനിലവാരമുള്ള വിത്ത് തേങ്ങ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും വാങ്ങി പാകി മുളപ്പിച്ച് ഗുണനിലവാരമുള്ള തെങ്ങിൻതൈകൾ പന്തലായനി ബ്ളോക്ക് പരിധിയിലെ വിവിധ കർഷകർക്ക് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ബ്ളോക്കിൽ നിന്നും തെരെഞ്ഞെടുത്ത ഒരു കർഷക ഗ്രൂപ്പിനെ ഉപയോഗിച്ച് ഒരു ഏക്കർ സ്ഥലം പാട്ടത്തിനെടുത്ത് അത്യുൽപാദനശേഷിയുള്ള 2000 തെങ്ങിൻതൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. ഒരു തൈക്ക് 112/-രൂപ ചെലവ് വെച്ച് ആകെ വരുന്ന ചെലവിന്റെ 90% തുകക്ക് ഗ്രൂപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഉൽപാദിപ്പിക്കുന്ന തെങ്ങിൻതൈകൾ അടുത്ത വർഷത്തെ ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം

ചെയ്യാനാണ് ലക്ഷ്യമിട്ടത്. പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(കൈ)നം.22/2018/തസ്വഭവ.തിയ്യതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബ്ളോക്ക് പഞ്ചായത്തിന് ഇത്തരത്തിലുള്ള ഒരു പ്രോജക്ടിന് ധനസഹായം നൽകാൻ അനുമതി നൽകിയതായി കാണുന്നില്ല. മാർഗ്ഗരേഖക്കു വിരുദ്ധമായാണ് പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുള്ളത്. സംസ്ഥാന കൃഷി വകുപ്പിന്റെ തെങ്ങിൻതൈ വളർത്തുകേന്ദ്രങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ വിത്തുതേങ്ങ സംഭരിച്ച് തെങ്ങിൻതൈകൾ മുളപ്പിച്ച് കൃഷിഭവനുകൾ വഴി വിതരണം ചെയ്യുകയും തൈകൾ ലഭ്യമാകുന്നതിന് ക്ഷാമം നേരിട്ടതായി റിപ്പോർട്ട് ചെയ്യാതിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ സർക്കാരിന്റെ അനുമതിയില്ലാതെ ഇത്തരം പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ ഉദ്ദേശ്യം വ്യക്തമല്ല.

2. ചെങ്ങോട്ടുകാവ് നാളികേര ഉൽപാദക ഫെഡറേഷനെ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനായി തെരെഞ്ഞെടുത്തതിന്റെ നടപടിക്രമം വ്യക്തമാക്കിയില്ല. ഇത്തരത്തിലുള്ള ഒരു പ്രോജക്ട് ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിനുള്ള സ്ഥാപനത്തിന്റെ മുൻപരിചയം, സൗകര്യങ്ങൾ, ജീവനക്കാരുടെ യോഗ്യത എന്നിവ സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. വിത്തുതേങ്ങകൾ പ്രോജക്ട് പ്രകാരം കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും വാങ്ങുന്നതിനുപകരം വിവിധ വ്യക്തികളിൽ നിന്നുമാണ് ശേഖരിച്ചത്. തേങ്ങയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

4. സ്ഥാപനം ഹാജരാക്കിയ വിവിധ ചെലവു വൌച്ചറുകൾ പ്രകാരം 200000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ കൃത്യത ഉറപ്പുവരുത്തിയതായി കാണുന്നില്ല.

5.ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും അടവാക്കിയതിന്റെയും വിശദാംശം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെയോ,തെങ്ങിൻതൈകൾ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷത്തിലും തൈകൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് രൂപീകരിക്കുകയോ തൈകൾ വിതരണം നടത്തുകയോ ചെയ്തതായി കൃഷി അസി.ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/21.05.22) മറുപടി ലഭ്യമാക്കുകയോ തൈകളുടെ വിതരണ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയും പദ്ധതി നടപ്പിലാക്കുകയും ഉത്പാദിപ്പിച്ച തൈകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാതിരിക്കുകയും ചെയ്തത് നിർവ്വഹണോദ്യോഗസ്ഥന്റെ നിരുത്തരവാദപരമായ നടപടിയാണ്. ആയതിനാൽ പ്രോജക്ടിനായി ചെലവഴിച്ച തുക 200000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഹിൽബസാർ-വലിയമല പാച്ചാക്കൽ റോഡ് കനാൽപാലം ഡെപ്പോസിറ്റ് വർക്ക്, പ്രവൃത്തി പൂർത്തിയായില്ല

ഹിൽബസാർ-വലിയമല പാച്ചാക്കൽ റോഡ് കനാൽപാലം നിർമ്മിക്കുന്നതിനായി ഇറിഗേഷൻ സബ് ഡിവിഷൻ പുതുപ്പണം, വടകരക്ക് 2020-21 വർഷം 5 ലക്ഷം രൂപയും ( പ്രോജക്ട് നമ്പർ :119/21) (ബിൽ നമ്പർ: 20160463008100685354/4.11.2000) 2021-22 വർഷം 5.77 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് അടച്ചിട്ടുണ്ട്. 3.11.2020 ലെ കരാർ ഉടമ്പടി 27/2020-21 പ്രകാരം ഇറിഗേഷൻ വകുപ്പുമായി കരാർ വെച്ചിട്ടുണ്ട്. ഈ കരാർ പ്രകാരം പ്രവൃത്തി 2021 മെയ് മാസം പൂർത്തിയാക്കുന്നതാണ് എന്ന് മേൽ ഉടമ്പടിയിലെ ഖണ്ഡിക 6 പ്രകാരം വ്യക്തമാകുന്നു. എന്നാൽ ഈ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. ഇത് എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാടക ഈടാക്കുന്നതിലെ അപാകതകൾ

പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കൊയിലാണ്ടി നഗരസഭ മാർക്കറ്റിന് സമീപത്തായി നിർമ്മിച്ചിട്ടുള്ളതുമായ വനിതാ വ്യവസായ വിപണന കേന്ദ്രത്തിൽ 10 മുറികൾ ആണ് 2020-21 വർഷം വാടകക്ക് നൽകിയിട്ടുള്ളത്.

2020-21 വർഷത്തിൽ വാടക ഇനത്തിൽ 99600/- രൂപയും അരിയർ ഇനത്തിൽ 3850 രൂപയുമാണ് ഡിമാന്റ്. എന്നാൽ 2019-20 ലെ അരിയർ തുക ഓഡിറ്റ് തിയ്യതി വരെയും ഈടാക്കിയിട്ടില്ല. മുൻവർഷത്തെ കുടിശ്ശിക ഈടാക്കാതെ തൻവർഷത്തെ തുക ഈടാക്കിയതായി കാണുന്നു. മാത്രമല്ല നിലവിൽ 2020-21 ലെ വാടക കുടിശ്ശികയും ഈടാക്കാനുണ്ട്. തുക അടവാക്കാൻ അവശേഷിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അടവാക്കാനുള്ള തുക | | അടവാക്കാനുള്ള തുക |
|---|---|---|---|---|
| | | 2019-20 | 2020-21 | |
| 1 | നവീന കുടുംബശ്രീ | - | 770 | 770 |
| 2 | കലിക്കറ്റ് ലേഡീസ് ടൈലറിങ്ങ് | 3080 | | 3080 |
| 3 | സൗഹൃദം കുടുംബശ്രീ | 770 | | 770 |
| 4 | രാജീവം കുടുംബശ്രീ | | 7700 | 7700 |
| | ആകെ | 3850 | 8470 | 12320 |

2019-20 ലെ അരിയർ തുകയും 2020-21 ലെ വാടക ഇനത്തിലെ മുഴുവൻ തുകയും ഈടാക്കാത്തതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിൽ ഈടാക്കാനുള്ള 12320/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നാളികേരസമൃദ്ധി-തെങ്ങിൻതൈ ഉത്പാദനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | നാളികേരസമൃദ്ധി-തെങ്ങിൻതൈ ഉത്പാദനം 121/21 |
| വകയിരുത്തിയ തുക | 200000/-വികസനഫണ്ട് -പൊതു.<br>22222/-ഗുണഭോക്തൃവിഹിതം |
| ചെലവഴിച്ച തുക,ബിൽ നം.തിയ്യതി | 200000/- (2/31.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകളുടെ ഉൽപാദനത്തിനായി ഗുണനിലവാരമുള്ള വിത്ത് തേങ്ങ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും വാങ്ങി പാകി മുളപ്പിച്ച് ഗുണനിലവാരമുള്ള തെങ്ങിൻതൈകൾ പന്തലായനി ബ്ളോക്ക് പരിധിയിലെ വിവിധ കർഷകർക്ക് വിതരണം

ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ബ്ളോക്കിൽ നിന്നും തെരെഞ്ഞെടുത്ത ഒരു കർഷക ഗ്രൂപ്പിനെ ഉപയോഗിച്ച് ഒരു ഏക്കർ സ്ഥലം പാട്ടത്തിനെടുത്ത് അത്യുൽപാദനശേഷിയുള്ള 2000 തെങ്ങിൻതൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. ഒരു തൈക്ക് 112/-രൂപ ചെലവു വെച്ച് ആകെ വരുന്ന ചെലവിന്റെ 90% തുകക്ക് ഗ്രൂപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഉൽപാദിപ്പിക്കുന്ന തെങ്ങിൻതൈകൾ അടുത്ത വർഷത്തെ ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടത്. പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(കൈ)നം.22/2018/തസ്വഭവ.തിയ്യതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബ്ളോക്ക് പഞ്ചായത്തിന് ഇത്തരത്തിലുള്ള ഒരു പ്രോജക്ടിന് ധനസഹായം നൽകാൻ അനുമതി നൽകിയതായി കാണുന്നില്ല. മാർഗ്ഗരേഖക്കു വിരുദ്ധമായാണ് പ്രോജക്ട് ആസൂത്രണം ചെയ്തിട്ടുള്ളത്. സംസ്ഥാന കൃഷി വകുപ്പിന്റെ തെങ്ങിൻതൈ വളർത്തുകേന്ദ്രങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ വിത്തുതേങ്ങ സംഭരിച്ച് തെങ്ങിൻതൈകൾ മുളപ്പിച്ച് കൃഷിഭവനുകൾ വഴി വിതരണം ചെയ്യുകയും തൈകൾ ലഭ്യമാകുന്നതിന് ക്ഷാമം നേരിട്ടതായി റിപ്പോർട്ട് ചെയ്യാതിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ സർക്കാരിന്റെ അനുമതിയില്ലാതെ ഇത്തരം പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ ഉദ്ദേശ്യം വ്യക്തമല്ല.

2. ചെങ്ങോട്ടുകാവ് നാളികേര ഉൽപാദക ഫെഡറേഷനെ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനായി തെരെഞ്ഞെടുത്തതിന്റെ നടപടിക്രമം വ്യക്തമാക്കിയില്ല. ഇത്തരത്തിലുള്ള ഒരു പ്രോജക്ട് ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിനുള്ള സ്ഥാപനത്തിന്റെ മുൻപരിചയം, സൗകര്യങ്ങൾ, ജീവനക്കാരുടെ യോഗ്യത എന്നിവ സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. വിത്തുതേങ്ങകൾ പ്രോജക്ട് പ്രകാരം കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡിൽ നിന്നും വാങ്ങുന്നതിനുപകരം വിവിധ വ്യക്തികളിൽ നിന്നുമാണ് ശേഖരിച്ചത്. തേങ്ങയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

4. സ്ഥാപനം ഹാജരാക്കിയ വിവിധ ചെലവു വൌച്ചറുകൾ പ്രകാരം 200000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ കൃത്യത ഉറപ്പുവരുത്തിയതായി കാണുന്നില്ല.

5.ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും അടവാക്കിയതിന്റെയും വിശദാംശം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെയോ,തെങ്ങിൻതൈകൾ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള വർഷത്തിലും തൈകൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ട് രൂപീകരിക്കുകയോ തൈകൾ വിതരണം നടത്തുകയോ ചെയ്തതായി കൃഷി അസി.ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/21.05.22) മറുപടി ലഭ്യമാക്കുകയോ തൈകളുടെ വിതരണ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെയും പദ്ധതി നടപ്പിലാക്കുകയും ഉത്പാദിപ്പിച്ച തൈകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാതിരിക്കുകയും ചെയ്തത് നിർവ്വഹണോദ്യോഗസ്ഥന്റെ നിരുത്തരവാദപരമായ നടപടിയാണ്. ആയതിനാൽ പ്രോജക്ടിനായി ചെലവഴിച്ച തുക 200000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 പാറക്കുളങ്ങര വാകമോളി റോഡ് ടാറിംഗ് -കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിൽ നഷ്ടം -

2018-19 ലെ S0090/19 പ്രോജക്ട് പ്രകാരം പാറക്കുളങ്ങര വാകമോളി അരിക്കളം മൺ റോഡ് 0/260-0/425 മീറ്റർ MORD 2016 കോസ്റ്റ് ഇൻഡക്സ് 37.25% പ്രകാരം ടാറിംഗ് പ്രവൃത്തി ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആദ്യടെണ്ടറിൽ (27/02/2019) ൽ ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ

റീടെണ്ടർ (20/03/20) പ്രകാരം ടെണ്ടർ സമർപ്പിച്ച (1.01% Below) ശ്രീ സുരേഷ് എൻ .പി, കുട്ടമ്പത്ത് താഴെ ഊരള്ളൂരിന് ടെണ്ടർ അനുവദിച്ചു. എന്നാൽ പ്രവൃത്തിക്കായി ടിയാൻ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടത് 20/06/2019 ന് ആണ്. പ്രസ്തുത തീയതിയിൽ ബാധകമായ MORD 2019 കോസ്റ്റ് ഇൻഡക്സ് 31.06% ആണ്. ആയതിനാൽ കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0077/21 (S0090/19) |
| അടങ്കൽ & ഫണ്ട് | ₹492046/- (വികസനഫണ്ട്.ജനറൽ) |
| ചെലവ് | ₹ 492046ട്രഷറി ബിൽ നമ്പർ-06/20-21/17.04.20 |
| കരാർ നമ്പർ & തീയതി | 01/AE/Pbp/2019-20/20.06.2019 |
| കരാറുകാരൻ | എൻ .പി സുരേഷ് |
| നിർവഹണം | അസി.എഞ്ചിനീയർ |
| അളവ് പുസ്തക നമ്പർ | 8/2020 |
| പൂർത്തിയാക്കേണ്ടിയിരുന്ന കാലയളവ്/തീയതി | 6 മാസം/19/12/2019 (ടി.എസ്.പ്രകാരം) |
| സൈറ്റ് കൈമാറിയ തീയതി | 20/06/2019 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 31/01/2020/MB8/2020/page12<br>കാലതാമസത്തിന് 4920/-രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 37.25% Cost Index പ്രകാരമാണ്. എന്നാൽ പ്രവൃത്തി തുടങ്ങിയ 20/06/2019ന് ബാധകമായ Cost Index 31.06% മാത്രമാണ്. (37.25%- 31.06%=6.19%) അധികം നൽകിയ കോസ്റ്റ് ഇൻഡക്സ് 6.19 % പ്രകാരം കരാറുകാരന് 492046x6.19%=30458 /- രൂപ അധികം നൽകിയിട്ടുണ്ട് . മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 07/2020-21/ 21/05/22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-3 നിയമാനുസൃതമല്ലാത്ത ഇളവ് അനുവദിച്ചു. പിഴ ഈടാക്കിയതിലും കുറവ്

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ കൊടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാർ ലഭിച്ച അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിൽ കുറവുണ്ടായതായി കാണുന്നു. . കൂടാതെ നിയമാനുസൃതമല്ലാത്ത ഇളവും അനുവദിച്ചിട്ടുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്നമ്പർ /പ്രോജക്ട് | കരാർ തുക / തൻവർഷം ബിൽ നം.തീയതി | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി. | ടി.എസ്.പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതിഎം. ബുക്ക് പ്രകാരം |
|---|---|---|---|---|---|

| | | | | കൈമാറിയ തിയ്യതി | |
|---|---|---|---|---|---|
| 1 | S0098/21 Spillover അയ്യപ്പൻ കാവ് കുടിവെള്ള പദ്ധതി | 493274.85/- 27/2020-21/ 29/03/21 - 80801/-രൂപ | 04/2028-19 /24.09.18 | 6 മാസം /24.09.2018 | 22/03/2021 |
| 2 | S0104/21 ചമ്മൽ മീത്തൽ കുടിവെള്ളപദ്ധതി | 774519.92/- 04/2020-21 /17/04/20 74754/- | 06/2028-19 /24.09.18 | 6 മാസം /24.09.2018 | 18/12/2019 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളിൽ കാലയളവ് ദീർഘീപ്പിക്കുന്നതിന് കരാറുകാർ അസി.എഞ്ചിനീയർ മുഖേന അപേക്ഷിക്കുകയും ഫൈൻ ഇല്ലാതെ 22/09/2019 വരെ കാലയളവ് ദീർഘീപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത് ദീർഘിപ്പിച്ച് നൽകിയ കാലാവധിക്ക് ശേഷമാണ്. പിഴ ഈടാക്കേണ്ടത് PAC അടിസ്ഥാനമാക്കിയാണ്. എന്നാൽ പ്രവൃത്തിമൂല്യത്തിനാണ് പിഴ ഈടാക്കിയിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ ചുവടെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| പ്രോജക്റ്റ് | കരാറുകാരൻ | കരാർ തുക/PAC | പ്രവൃത്തിമൂല്യം/എം ബുക്ക് -പേജ് നം. | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ/ബിൽ നം | വ്യത്യാസം |
|---|---|---|---|---|---|---|
| അയ്യപ്പൻ കാവ് കുടിവെള്ള പദ്ധതി | അത്തോളി ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 493274.85 | 393232/ | 14798 | 11797 | 3001 |
| ചമ്മൽ മീത്തൽ കുടിവെള്ളപദ്ധതി | അത്തോളി ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 774519.92 | 732697/ | 23235 | 7745 | 15490 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 18491/- |

നിയമാനുസൃതമല്ലാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിനും, കരാർ തുക അടിസ്ഥാനപ്പെടുത്തിയല്ലാതെ പിഴ കണക്കാക്കി ഈടാക്കിയത് മൂലം നഷ്ടം സംഭവിച്ചതിനും കാരണം വ്യക്തമാക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/2020-21/21/05/22) മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃതമല്ലാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയതിനും, PAC അടിസ്ഥാനമാക്കി പിഴ ഈടാക്കാത്തതിനാൽ നഷ്ടം വന്ന 18491/- രൂപ പിഴ ഈടാക്കി സർക്കാരിലേക്ക് അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ഉപകാര പ്രദമാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1010000 | ലൈഫ് /PMAY ജനറൽ | 1010000 | 0 |
| | 2020-21 | 196000 | ലൈഫ് /PMAY എസ്.സി | 196000 | 0 |
| | 2020-21 | 60000 | വജ്രജൂബിലി ഫെല്ലോഷിപ്പ് | 60000 | 0 |
| | ആകെ | 1266000 | | 1266000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2020-21 | 140000 | ലൈഫ്/PMAY ജനറൽ | 140000 | 0 |
| | 2020-21 | 199851 | ചേമഞ്ചേരി ഈസ്റ്റ് Wss | 199851 | 0 |
| | ആകെ | 339851 | | 339851 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.വൈ.ഐ.പി | ഹിൽബസാർ വലിയമല പാച്ചാക്കൽ കനാൽ കൽവെർട്ട് | 00685354/ 3.11.20 | 500000 | 0 | 500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2 | 2005-06 | 68.1 | കോടതി വിധിച്ചിട്ടും മുൻകൂർ ക്രമീകരിച്ചില്ല | കേസ് നടപടികൾ ത്വരിത പ്പെടുത്താൻ ശുപാർശ ചെയ്തു. (LFAC) |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-1 | 2005-06 (പൊതു മരാമത്ത്) | 2.70.1.2.20.68 | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി | LFAC ഒഴിവാക്കാൻ ശുപാർശ ചെയ്തത് പ്രകാരം കെ.എസ്.എ. കെ.കെ.ഡി/ എസ്-1/1065/2019 തി.16.09.2019 കത്ത് പ്രകാരം ഒഴിവാക്കി |
| 2003-04 | 3-4 | 2005-06 (പൊതു മരാമത്ത്) | 2.70.1.2.20.68 | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി | |
| 2003-04 | 3-6 | 2005-06 (പൊതു മരാമത്ത്) | 2.70.1.2.20.68 | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46171416 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53210747 |
| വരവിനങ്ങളിലുള്ള നഷ്ടം | 12320 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 260264 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 903292 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 8470 | - | ശ്രീ.എ.ടി.മനോജ്കുമാർ, സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 2-1 | 3850 | - | ശ്രീമതി.കെ.ഫത്തീല ,സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് |
| 3-1 | - | 200000 | ശ്രീ.ദിലീപ് കുമാർ.കെ.പി,കൃഷി |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് ഡയറക്ടർ |
| 3-2 | | 30458 | ശ്രീ. മുരളീധരൻ .ഒ ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 11315 | ശ്രീ. മുരളീധരൻ .ഒ ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 18491 | ശ്രീ. മുരളീധരൻ .ഒ ,അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 4,21,142 | ശ്രീ.മുരളീധരൻ.ഒ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-13 | 200000 | ശ്രീ.അബ്ദുൾസലീം .എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-16 | 282150 | ശ്രീ.ദിലീപ് കുമാർ.കെ.പി,കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുരളീധരൻ.ഒ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പന്തലായനി ബ്ലോക്ക് | നന്ദനം,തോട്ടത്തിൽ, മേലൂർ,കൊയിലാണ്ടി |
| ശ്രീ. എ.ടി. മനോജ്കുമാർ , സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്. | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പന്തലായനി | ചോയിമഠത്തിൽ(വീട്), കിഴക്കുമുറി പി.ഒ, കക്കോടി (വഴി) |
| ശ്രീമതി.ഫത്തീല.കെ, സെക്രട്ടറി ബ്ലോക്ക് | ജില്ലാ വനിത വികസന ഓഫീസർ, | ഒയാസിസ്, തയ്യിൽ കാരുത്തൊടി ഹൗസ്, |

| | | |
|---|---|---|
| പഞ്ചായത്ത് | കാസർഗോഡ് | രാമപുരം പോസ്റ്റ്, മലപ്പുറം-679321 |
| ശ്രീ.ദിലീപ് കുമാർ.കെ.പി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൊയിലാണ്ടി | മാരങ്കോട് വീട്,പകൽകുറി പോസ്റ്റ്, കിളിമാനൂർ(വഴി)-695604 |
| ശ്രീ.അബ്ദുൾസലീം .എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി പന്തലായനി ബ്ലോക്ക് പഞ്ചായത്ത്, | മുരട്ടുമ്മൽ, പതിമംഗലം, കുന്ദമംഗലം, കോഴിക്കോട്-673571 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, വിവരം |
|---|---|---|
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (6)/09.03.15 | 3<br>3-1, 3-2 ,3-4 (3 ഖണ്ഡികകളും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്നു) |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി പി7/1362/14 (7)/09.03.15 | 1<br>3-1(3) |
| 2005-06 | നം.എൽ.എഫ്.കെ.കെ.ഡി പി7/2217 /16/03.06.2017 | 3<br>3-12 ( സെക്രട്ടറിയെ ചുമതലപ്പെടുത്തി) 3-15, 3-17 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി പി7/1962 /16/03.06.2017 | 3<br>3-11, 3-14, 3-15 |

| | | |
|---|---|---|
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി പി7/1962 /16/03.06.2017 | 3<br>3-4, 3-5, 3-8 (സെക്രട്ടറിയെ ചുമതലപ്പെടുത്തി) |
| 2009-10 | നം.എൽ.എഫ്.കെ.കെ.ഡി പി7/3261 /16/03.06.2017 | 3<br>3-7, 3-8, 3-9 |
| 2010-11 & 11-12 | നം.എൽ.എഫ്.കെ.കെ.ഡി. പി7/2261/16/03.06.2017 | 2<br>3-1, 3-8 (3) |
| 2012-13 | നം.എൽ.എഫ്.കെ.കെ.ഡി. പി7/2261/16/ 03.06.2017 | 8<br>3-1, 3-2, 3-3, 3-4, 3-9, 3-10, 3-12, 3-13 |
| 2014-15, 2015-16 | കെ.എസ്.എ.കെ.കെ.ഡി പി 7/1294 /17/08.02.2018 | 8<br>3-4, 3-6, 3-7, 3-9, 3-13, 3-19, 3-23, 3-28 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി11/857 /2021/14.07.2021 | 3<br>3-2, 3-4, 3-5 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി പി11/43 /20/13.05.2020 | 14<br>1-12, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6(എ), 3-7, 3-8, 3-9, 3-10(സി) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി11-155/ 2020/7.03.2020 | 18<br>1-1 മുതൽ 1-18 വരെ |
| 2019-20 | കെ.എസ്.എ.കെ.കെഡി/പി 8/1762/2021 / 27/12/2021 | 15<br>1-1 മുതൽ 1-15 വരെ |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്